and get-up. The Department would like to have the books (in Malayalam especially) for the Lower Primary classes printed in bigger types with a greater number of illustrations and in better binding. This would involve heavier expenditure and the owner would have either to reduce his profits or to raise the price of the books. The raising of the price would put the poor parents to difficulties and they might put in complaints. So, the safer course in reducing the cost of production as much as possible, is adopted. I do not say that this method is invariably adopted by all owners of text books. Some for fear of sacrificing their reputation would keep up their standard of general efficiency. However, it cannot but be admitted that such cases are very few.

The method now suggested by the Educational Advisory Committee and accepted by the Government as an experimental measure is decidedly an improvement on the old method. While retaining the advantages of the old method, it also affords sufficient scope for overcoming the defects attached thereto. The Government have no idea of making this a profitable concern. So, the printing and get-up can be much improved. Complaints regarding non-availability of books can also be avoided.

## Providing Industrial Workshops and Night Schools in colonies.

390. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട ദയവായി മറുപടി പറയുമോ:—

(എ) ഓരോ കോളനികളിലും ഓരോ കൈത്തൊഴിൽശാലകൾ പണിതു വിവിധതരത്തിലുള്ള കൈത്തൊഴിൽ പ്രചരണ നടപ്പിൽ വരുത്തുവാൻ ഗവമ്മെണ്ടിന്ന ദയവുണ്ടാകുമൊ;

(ബി) ഓരോ കോളനികളിലും ഓരോ നിശാപാഠശാല ഏർപ്പെടുത്തുവാൻ ഗവമ്മെണ്ടിന്ന ദയവുണ്ടാകുമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ — (എ.) കോളനികളിൽ കൈത്തൊഴിൽശാലകൾ സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ഗവമ്മെണ്ട ആലോചിച്ചുവരുന്നുണ്ട്.

(ബി) നിശാപാഠശാലകൾ അവയെക്കൊണ്ടുള്ള ഉദ്ദേശം നിറവേറുന്നില്ലെന്നാണ് അനുഭവംകൊണ്ട അറിയുന്നതു്. എങ്കിലും ആവശ്യമെന്ന തോന്നുന്ന കോളനികളിൽ അവ ശരിയായി നടക്കുമെന്ന ബോദ്ധ്യം വന്നാൽ നിശാപാഠശാലകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— നിശാപാഠശാലകൾക്ക വേണ്ടി ഗവമ്മെൻറിലേക്ക വല്ല അപേക്ഷയും കിട്ടീട്ടണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ.—കോളനികളിൽനിന്ന കിട്ടീട്ടണ്ടോ എന്ന പറയുവാൻ സാധിക്കുകയില്ല. അതിനടുത്തുള്ള സ്ഥലത്തുനിന്ന കിട്ടീട്ടണ്ട്.

മിസ്റ്റർ വി. കെ. കുട്ടി.— നിശാപാഠശാല അനാവശ്യമാണെന്നാണൊ പറയുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ.— അല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ആവശ്യമെന്ന തോന്നുന്ന എന്ന പറഞ്ഞു. ആക്കാണ് തോന്നുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ.— ആവശ്യപ്പെടുന്ന ആളുകൾക്ക.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— ബോധിപ്പിക്കുന്ന അപേക്ഷകൾ മുഴുവനും ആവശ്യത്തോടുകൂടിയാണൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ —അതാണ് ഞാൻ പറഞ്ഞത്: ഈ അപേക്ഷകളൊക്കെ ആവശ്യമാണെന്ന സങ്കല്പത്തോടുകൂടി ഗവമ്മെൻറ പ്രവൃത്തിച്ചാൽ നിശാപാഠശാലകൾ പ്രാഥമിക വിദ്യാലയങ്ങളോളം വരും. അതുകൊണ്ട ആവശ്യം ശരിയാണൊ എന്ന നോക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.—ഏതെല്ലാം സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയാണ് ആവശ്യം തീച്ചയാക്കുന്നത് എന്ന പറയാമൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ.— ഓരോ അപേക്ഷകളിലും ഓരോ ആവശ്യങ്ങളായിരിക്കും പറഞ്ഞിട്ടണ്ടായിരിക്കുക. ദിക്കിന്റെ സ്ഥിതികൊണ്ട് കാലത്തിന്റെ ഭേദംകൊണ്ട് ചിലപ്പോൾ ആവശ്യമില്ലെന്ന കാണാം; ചിലപ്പോൾ ആവശ്യമായുംവരും. വിപുലങ്ങളായ പ്രാഥമിക തത്വങ്ങളെ വിമർശിക്കുവാൻ എനിക്ക സാധിക്കുകയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ആവശ്യമുണ്ടെങ്കിൽ ആലോചിക്കുകയെയുള്ളൂ?

റാവു സാഹിബ് ഐ. എൻ. മേനോൻ.— ആവശ്യത്തോടുകൂടി ആലോചിച്ചാൽ ചിന്തയുടെ ഫലമുണ്ടാകും. അല്ലാത്തത മനോരാജ്യമാണ്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— വേറെ ഏതെങ്കിലും കോളനികളിൽ അനുവദിച്ചിട്ടണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ.—അന്ന പലേ കോളനികളിലുമുണ്ടായിരുന്നു. അതു ഇൻസ്പെക്ടരുടെ അന്വേഷണത്തിലും ചില

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ എന്റെ അനേപഷണത്തിലും വേണ്ടപോലെ നടക്കുന്നില്ല എ ന്നറിഞ്ഞിട്ട അതു നിൎത്തൽ ചെയ്തിട്ടുള്ളതാണ്. നിശാപാഠശാലകൾ ആവശ്യമാണെന്നു തോന്നിയാൽ അതിൽ യാതൊരു വൈമുഖ്യവും ഗവമ്മെൻറു കാണിക്കുന്നതല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.—നിശാപാഠശാലകൾ നടത്തിയാൽ എന്തു നഷ്ടമാണ് ഗവമ്മെൻറിനുള്ളതു?

റാവു സാഹിബ് ഐ. എൻ. മേനോൻ.— അതു് ഇതിനുമുമ്പു് പറഞ്ഞിട്ടുണ്ട്.

---

## APPENDIX I.

(Question No. 361).

### ബഹുമാനപ്പെട്ട കൊച്ചി മഹാരാജാവു തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ഇരിങ്ങാലക്കുട നിവാസികളായ അധഃകൃത സമുദായാംഗങ്ങൾ ഭക്തി ബഹുമാനസമന്വിതം സമർപ്പിക്കുന്ന മംഗളപത്രം.

പൊന്നുതിരുമേനി,

അവിടത്തെ അനർഘ്യമായ ഭരണജ്യോതിസ്സിന്റെ അത്യുജ്ജ്വലപ്രകാശത്തിൽ ജീവിതം കഴിച്ചുവരുന്ന അധഃകൃതവർഗ്ഗക്കാരായ അടിയങ്ങൾക്കു അവിടത്തോടുള്ള അകൈതവവും അകൻമഷവുമായ രാജഭക്തിയെ ഈ അവസരത്തിൽ അവിടത്തെ തിരുമുമ്പിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

പൊറുക്കുവാൻ കൂപ്പുമാടങ്ങളില്ലാതെയും കഴിക്കുവാൻ കരിക്കാടിയില്ലാതെയും, കുടിക്കുവാൻ തണ്ണീർ ഇല്ലാതെയും, ഉടുക്കുവാൻ അടിത്തോലുകളില്ലാതെയും പുലർകാലം മുതൽ അന്തിയാകുന്നതുവരെ കണ്ടവരുടെ ക്രൂരവേല എടുത്ത് നട്ടെല്ലു് പൊട്ടി കിട്ടുന്ന സ്വല്പമായ ചെമ്പുകാശുകൊണ്ടാണ് അടിയങ്ങൾ പുരാതനകാലം മുതൽക്ക് ജീവിച്ചുപോരുന്നതെന്നു് സുവിദിതമാണല്ലൊ. എന്നാൽ തിരുമനസ്സിലെ കരുണയുണ്ടായി അടിയങ്ങളുടെ അവശതകളെ പരിഹരിപ്പാൻ വേണ്ടി പ്രത്യേകമായി ഒരു അധഃകൃതവകുപ്പ് സൃഷ്ടിച്ചുതരികയും തദ്വാരാ ഈ സ്വല്പകാലങ്ങൾക്കുള്ളിൽ അടിയങ്ങൾക്കു നാനാവിധമായ ഗുണങ്ങൾ സിദ്ധിച്ചു തുടങ്ങുകയും ചെയ്തിട്ടുള്ളതിനു് തിരുമനസ്സിനോടു് അടിയങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊള്ളട്ടെ. അടിയങ്ങൾക്കു അവിടത്തെ ഗവമ്മെണ്ടു കല്പിച്ചുതരുന്ന വിദ്യാഭ്യാസം അപാരമായ ഐശ്വര്യത്തിനു ലാക്കായി തീർന്നിട്ടുണ്ടെങ്കിലും ആയതു് വ്യവസായപദ്ധതിയിലേക്കു തിരിച്ചു് ഉപജീവനമാർഗ്ഗമായങ്ങളാക്കി പരിഷ്കരിച്ചു് തരുമെന്നു് അടിയങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly